ക്കണം. ഹരിജൻ ഫിഷറീസ് കോളനികളും ലക്ഷം വീട് കോളനികളും പലതും വൈദ്യുതീകരിച്ചിട്ടില്ല; അത് വൈദ്യുതികരിക്കണം. അകലാട്—ഞണ്ടത്തോട് ലൈനിന്റെ പേപ്പർ വർക്കുകളെല്ലാം പൂർത്തിയായിരിക്കുന്നു, ടെണ്ടർ ചെയ്ത വർക്ക് ഉടൻ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഗുരുവായൂരിൽ വൈദ്യുതിവിതരണം നടത്തുന്നത് കുന്നംകുളം 66 കെ.വി. സബ്സ്റ്റേഷനിൽനിന്നാണ്. എന്നാൽ ഈ ഗവൺമെന്റ് ഗുരുവായൂരിൽ ഒരു സബ്സ്റ്റേഷൻ ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനുവേണ്ടുന്ന സ്ഥലം ഗുരുവായൂർ ദേവസ്വത്തിൽനിന്ന് ദീർഘകാല പാട്ട വ്യവസ്ഥയിൽ ബോർഡിന് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ സ്ഥലം ദേവസ്വത്തിൽനിന്ന് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ ഇതിന്റെ പണി നടത്തുന്നതായിരിക്കും. ബില്ലിംഗ് യൂണിറ്റ് എല്ലാസ്ഥലത്തും ഉണ്ടാക്കാനൊക്കുകയില്ല. അത് ഒരു ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്നതാണ്. എല്ലാ സ്ഥലത്തും ബില്ലിംഗ് യൂണിറ്റുണ്ടാക്കാൻ പറ്റില്ല. അതിനൊക്കെ ചില നിയമങ്ങളുണ്ട്. അതനുസരിച്ച് മാത്രമെ ഉണ്ടാക്കാൻ പറ്റൂ.

(22) കുറ്റ്യാടി ജലസേചന പദ്ധതി

ശ്രീ. എ. കെ. പത്മനാഭൻ: ഈ വർഷം നിർമ്മാണം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്ക വിദഗ്ദ്ധൻമാർ പ്രകടിപ്പിച്ചതിനെത്തുടർന്ന് റിസർവോയറിൽ സംഭരിക്കാവുന്ന ജലം സംഭരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. രണ്ടുവർഷം മുൻപ് ഡാമിന്റെ ഭിത്തി ഇടിഞ്ഞതാണ്. കേരളത്തിലെ പ്രമുഖ പത്രങ്ങളിലെല്ലാം അതിനെക്കുറിച്ച് വാർത്ത വന്നു. സെൻട്രൽ വാട്ടർ കമ്മീഷന്റെയും പീച്ചി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിദഗ്ദ്ധൻമാർ അവിടെ വന്ന് പരിശോധിച്ച് ഡാമിന്റെ സേഫ്റ്റിക്കുവേണ്ടി ഒരു പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ആ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് ഡാമിന് സുരക്ഷിതത്വം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇതൊരു പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് രണ്ടു മിനിറ്റ് ഇതിനെ പറ്റി പറഞ്ഞുകൊള്ളട്ടെ. കുറ്റ്യാടി ജലസേചനപദ്ധതിയുടെ പ്രവർത്തനം 1962-ൽ ആരംഭിച്ചതാണ്. അത് ഭാഗികമായി 1973-ൽ കമ്മീഷൻ ചെയ്തു. എന്നാൽ ഡ്രെയിനേജ് ഗ്യാലറിയിൽ ചോർച്ച അനുഭവപ്പെടുകയുണ്ടായി. ഗ്രൗട്ടിംഗ് തുടങ്ങിയ നടപടികളും കൈക്കൊണ്ട് ഈ ചോർച്ച ഭാഗികമായി തടയുകയുണ്ടായി: സർ, ഒരു മുൻകരുതൽ എന്നുള്ള നിലയിൽ ഡാമിന്റെ മാക്സിമം വാട്ടർ ലെവലിനു 5 മീറ്റർ താഴെവരെ മാത്രമെ നമുക്ക് വെള്ളം സംഭരിക്കാൻ കഴിയുന്നുള്ളൂ: പണികളും തീർന്നെങ്കിലും മാക്സിമം വാട്ടർ ലെവൽവരെ വെള്ളം നിറുത്തിക്കൊണ്ട് സുലഭമായി വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഏതായാലും ഇതു സംബന്ധിച്ച് ഒരു ഡിസൈൻ അക്കാഡമിയുടെ പൂർണ്ണമായ പഠനം ആവശ്യമാണ്. അതിനുവേണ്ടി ന്യൂഡൽഹിയിലെ സുരക്ഷിതത്വ സർവീസ് ഡയറക്ടർ പഠിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഡാം വീണ്ടും ശക്തിപ്പെടുത്താൻ വേണ്ട ഡിസൈൻ ജനറൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസിലെ ഫൈഡ് വിഭാഗം പൂർത്തിയാക്കുന്ന മുറയ്ക്ക് അണക്കെട്ടിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള എല്ലാ അടിയന്തിര നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(23) പാലക്കാട് ജില്ലാ ഇ. എസ്. ഐ. ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ ഇ. ഇസ്മയിൽ: സർ, പാലക്കാട് ജില്ലയിൽ 5,000-ത്തിലധികം വരുന്ന വ്യവസായ തൊഴിലാളികൾക്കും 10,000 കണക്കിൽ വരുന്ന അവരുടെ കുടുംബാംഗങ്ങൾക്കും ഉപകാരപ്രദമായ പാലക്കാട് ജില്ലാ ഇ.എസ്.ഐ. ഹോസ്പിറ്റലിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ മന്ത്രിസഭയുടെ മൂന്നാം വാർഷികം കഴിഞ്ഞ് 27-ാം തീയതി കേരളത്തിന്റേയും കേന്ദ്രത്തിന്റേയും തൊഴിൽവകുപ്പു മന്ത്രിമാർ പോയി ഉദ്ഘാടനം ചെയ്യപ്പെട്ടതാണ്. ആ ഉദ്ഘാടന സന്ദർഭത്തിൽ 50 കിടക്കകൾ നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും അവിടെ 6 കിടക്കകൾ കൊണ്ടുവന്നു സ്ഥാപിക്കുകയാണ് ചെയ്തത്. സ്റ്റാഫിനെയും പോസ്റ്റു ചെയ്തു. എക്സ്റേ പ്ലാന്റും കൊണ്ടുവന്നു. എന്നാൽ ഉദ്ഘാടനം ചെയ്തുകഴിഞ്ഞ മന്ത്രിമാർ തിരിച്ചു പോയതോടുകൂടി കിടക്കകളും പോയി. എക്സ്റേ പ്ലാന്റുമില്ല. അവിടെ പോസ്റ്റു ചെയ്തിരുന്ന ഉദ്യോഗസ്ഥൻമാരെ മറ്റു പല പ്രദേശങ്ങളിലും നിയമിച്ചു. ഇപ്പോൾ പാലക്കാട് ജില്ലയിൽ സ്ഥാപിച്ച ഇ.എസ്.ഐ. ഹോസ്പിറ്റൽ ഒരു ഭാർഗവിനിലയമായി നിലനിൽക്കുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികളെ ബാധിക്കുന്ന ഹോസ്പിറ്റലിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. എക്സ്റേ പ്ലാന്റും സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം. 50 ബെഡ്ഡുകളുമുണ്ടാക്കണം. അങ്ങനെ തൊഴിലാളികളെ സഹായിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 27-5-1985-ൽ ഇ.എസ്.ഐ. ആശുപത്രി ഉദ്ഘാടനം ചെയ്തു. സാമ്പത്തികമായ പരിമിതികൾ മൂലം 50% ജീവനക്കാരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. ഇപ്പോൾ അവിടെ ആശുപത്രിക്കുവേണ്ടിയുള്ള എക്സ്റേ മെഷിൻ വാങ്ങി കഴിഞ്ഞു. അത് സ്ഥാപിക്കാനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഒരു ഓപ്പറേഷൻ തിയേറ്ററിനുള്ള സജ്ജീകരണങ്ങളും പൂർത്തിയായിക്കഴിഞ്ഞു. ആശുപത്രിയുടെ പൂർണ്ണമായ നടത്തിപ്പിനുവേണ്ട ഉപകരണങ്ങളും ഏതാണ്ട് മുഴുവൻ വാങ്ങിക്കഴിഞ്ഞു. രോഗികൾക്ക് ആഹാരം നൽകുന്നതിനുള്ള കോൺട്രാക്ടറിന്റെ ടെൻഡർ വിളിച്ചു കഴിഞ്ഞു. ടെൻഡർ അംഗീകരിച്ചു സാധൂകരിക്കുന്നതിനുള്ള നടപടിയും പൂർത്തിയായി കഴിഞ്ഞു. ബാക്കിയുള്ള 50% ജീവനക്കാരെയും ഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്നതോടുകൂടി നിയമിക്കുന്നതാണ്.

(24) തേയില, റബ്ബർ എന്നീ ഫാക്ടറികളിലെ വിദ്യുച്ഛക്തി കട്ട്

ശ്രീ. കെ. കെ. തോമസ്: സർ, തേയില, റബ്ബർ എന്നീ പ്രൊഡക്ഷൻ വ്യവസായത്തിനാവശ്യമായ വൈദ്യുതി ലഭിക്കാത്തതുമൂലം ഫാക്ടറി പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇതുമൂലം ലേ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly